(ജി) അടുത്ത സമയങ്ങളിൽ ലഭിച്ച എട്ട് അപേക്ഷകളിൻമേൽ തീരുമാനം എടുക്കാൻ ഉണ്ട്. പ്രസ്തുത അപേക്ഷകളിൻമേൽ ഉടൻ തീരുമാനം എടുക്കുന്നതാണ്.

നവജാത ശിശുകൾക്കുവേണ്ടിയുള്ള വെന്റിലേറ്ററുകൾ

106 [2538] *ശ്രീ. കെ. സുധാകരൻ:*

„ *എം. എം. ഹസ്സൻ:*

„ *ഇ. എം. അഗസ്തി:*

„ *എം. കെ. പോൾസൺ മാസ്റ്റർ:*

„ *ജി. പ്രതാപവർമ്മ തമ്പാൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ഹോസ്പിറ്റലുകളിൽ എവിടെയെല്ലാം നവജാത ശിശുക്കൾക്കുവേണ്ടിയുള്ള വെന്റിലേറ്ററുകൾ സ്ഥാപിച്ചിട്ടുണ്ട്;

(ബി) അനുബന്ധ സാമഗ്രികൾ സ്ഥാപിക്കാത്തതുമൂലം ഇത്തരം വെന്റിലേറ്ററുകൾ ഏതെല്ലാം ആശുപത്രികളിൽ പ്രവർത്തിപ്പിക്കാൻ സാധിക്കാതെ വന്നിട്ടുണ്ട്;

(സി) അനുബന്ധ സാമഗ്രികൾ വാങ്ങാതെ വെന്റിലേറ്ററുകൾ സ്ഥാപിച്ചതെന്തുകൊണ്ടാണ്;

(ഡി) അനുബന്ധ സാമഗ്രികളില്ലാതെ സ്ഥാപിച്ച വെന്റിലേറ്ററുകൾ നാശമായിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നവജാത ശിശുക്കൾക്കുവേണ്ടിയുള്ള വെന്റിലേറ്ററുകൾ താഴെപ്പറയുന്ന സർക്കാർ ആശുപത്രികളിൽ സ്ഥാപിച്ചിട്ടുണ്ട്:

(1) ഗവൺമെന്റ് ആശുപത്രി, പേരൂർക്കട.

(2) എസ്.എ.ടി. ആശുപത്രി, തിരുവനന്തപുരം

(3) ഡബ്ല്യു. ആന്റ് സി. ആശുപത്രി, തിരുവനന്തപുരം

(4) വിക്ടോറിയ ആശുപത്രി, കൊല്ലം

(5) ജില്ലാ ആശുപത്രി, കൊല്ലം

(6) ജനറൽ ആശുപത്രി, പത്തനംതിട്ട

(7) ജില്ലാ ആശുപത്രി, പത്തനംതിട്ട

(8) ഡബ്ല്യു. ആന്റ് സി. ആശുപത്രി, ആലപ്പുഴ

(9) ജില്ലാ ആശുപത്രി, കോട്ടയം

(10) ജില്ലാ ആശുപത്രി, പൈനാവ്

LIBRARY ARCHIVES Kerala Legislative Assembly

(11) ഡബ്ല്യു. ആന്റ് സി. ആശുപത്രി, മട്ടാഞ്ചേരി
(12) ജനറൽ ആശുപത്രി, എറണാകുളം
(13) ജില്ലാ ആശുപത്രി, തൃശ്ശൂർ
(14) ജില്ലാ ആശുപത്രി, പാലക്കാട്
(15) ജില്ലാ ആശുപത്രി, മഞ്ചേരി
(16) താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി
(17) ജനറൽ ആശുപത്രി, കോഴിക്കോട്
(18) ഡബ്ല്യു. ആന്റ് സി. ആശുപത്രി, കോഴിക്കോട്
(19) ജനറൽ ആശുപത്രി, തലശ്ശേരി
(20) ജില്ലാ ആശുപത്രി, കണ്ണൂർ
(21) ഗവൺമെന്റ് ആശുപത്രി, പയ്യന്നൂർ
(22) ജില്ലാ ആശുപത്രി, കാഞ്ഞങ്ങാട്
(23) ജില്ലാ ആശുപത്രി, മാനന്തവാടി
(24) താലൂക്ക് ആശുപത്രി, മാവേലിക്കര
(25) താലൂക്കാശുപത്രി, ഹരിപ്പാട്
(26) താലൂക്കാശുപത്രി, കൊടുങ്ങല്ലൂർ

(ബി) ജില്ലാ ആശുപത്രി കണ്ണൂർ, ജനറൽ ആശുപത്രി തലശ്ശേരി, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രി കൊയിലാണ്ടി എന്നിവിടങ്ങളിൽ അനുബന്ധ സാമഗ്രികൾ ഇല്ലാത്തതുകൊണ്ട് വെന്റിലേറ്ററുകൾ പ്രവർത്തിപ്പിക്കാൻ സാധിക്കാതെ ഉണ്ട്.

(സി) അനുബന്ധ സാമഗ്രികൾ അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ഡി) & (ഇ) ഇല്ല. അനുബന്ധ സാമഗ്രികൾ ഇല്ലാത്തതുകൊണ്ട് ഒരിടത്തും വെന്റിലേറ്ററുകൾ നശിച്ചിട്ടില്ല.

മുളങ്കുന്നത്തുകാവിലെ തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രി കോംപ്ലക്സ് നിർമ്മാണം

107 [2539] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുളങ്കുന്നത്തുകാവ് ക്യാമ്പസിൽ മെഡിക്കൽ കോളേജിന്റെ ഒന്നാംഘട്ടം പ്രവർത്തനമാരംഭിക്കുന്നതിനുവേണ്ടി അടിയന്തിരമായി സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു;

LIBRARY ARCHIVES Kerala Legislative Assembly